പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 397 10.06.2014-ൽ മറുപടിയ്ക്ക്

# കിനാല്ലൂർ 110 കെ. വി. സബ്സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കിനാല്ലൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ, 110 കെ. വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഇതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണം നൽകുമോ ;<br>(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കു തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ; | (എ) & (ബി) കിനാല്ലൂരിൽ കെ.എസ്.ഐ.ഡി.സി-യുടെ വ്യവസായ വളർച്ചാകേന്ദ്രത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുവേണ്ടി 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡ് 11.07.2012-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയിൽ വ്യവസായ വളർച്ചാ കേന്ദ്രത്തിനാവശ്യമായ 10 MVA പവർ ലഭിക്കുന്നതിനുള്ള ആനുപാതികമായ ചെലവ് കെ.എസ്.ഐ.ഡി.സി വഹിക്കണം എന്നായിരുന്നു വ്യവസ്ഥ. ഈ വ്യവസ്ഥ കെ.എസ്.ഐ.ഡി.സിയെ അറിയിച്ചപ്പോൾ ഇതിൽനിന്നും വ്യത്യസ്തമായ നിർദ്ദേശങ്ങൾ കെ.എസ്.ഐ.ഡി.സി ഉന്നയിച്ചതിനാൽ കിനാല്ലൂരിൽ കെ.എസ്.ഐ.ഡി.സി-യുടെ പങ്കാളിത്തത്തോടെ ഒരു 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള വിവിധ സാദ്ധ്യതകൾ ബോർഡ് പരിശോധിച്ചു വരുന്നു. |
| (സി) ഇതിലേക്ക് കെ. എസ്. ഐ. ഡി. സി, കെ. എസ്. ഇ. ബി അധികാരികളുടെ സംയുക്ത യോഗം വിളിക്കുന്നത് പരിഗണിക്കുമോ ? | (സി) ഇതു സംബന്ധിച്ച നിർദ്ദേശം വൈദ്യുതി ബോർഡ് ലിമിറ്റഡിൽ നിന്നു ലഭിക്കുകയാണെങ്കിൽ ഇക്കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.